പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4643 23/07/2015-ൽ മറുപടിക്ക്

## അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ. ബാലൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ മന്ത്രി) |
| (എ) അതിരപ്പിളി ജലവൈദ്യുതി പദ്ധതി നടപ്പിലാക്കണമെന്ന നിലപാടാണോ കെ.എസ്.ഇ.ബി.ക്കും സംസ്ഥാന സർക്കാരിനുമുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി നടപ്പിലാക്കണമെന്ന നിലപാടാണ് കെ.എസ്.ഇ.ബി.എൽ-നും സർക്കാരിനുമുള്ളത്. |
| (ബി) അനുകൂല നിലപാടാണ് ഉള്ളതെങ്കിൽ പദ്ധതി നടപ്പാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (ബി) 19/03/2015-ൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ വകുപ്പ് മേധാവികളുടെ യോഗത്തിൽ പാരിസ്ഥിതിക മന്ത്രാലയത്തിന്റെ അനുമതി ലഭിയ്ക്കുന്ന മുറയ്ക്ക് പദ്ധതിയുമായി മുന്നോട്ടു പോകുന്നതിന് കെ.എസ്.ഇ.ബി.ലിമിറ്റഡിന് അനുമതി നൽകികൊണ്ട് തീരുമാനം എടുത്തിട്ടുണ്ട്. ഡോക്ടർ കസ്തൂരിരംഗൻ അദ്ധ്യക്ഷനായ HLWG (High Level Working Group)യുടെ ശുപാർശ പ്രകാരം കെ.എസ്.ഇ.ബി.യിൽ നൽകിയ വിശദാംശങ്ങൾ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ വിദഗ്ദ്ധ സമിതി പരിഗണിക്കുകയും പ്രസ്തുത സമിതി ആവശ്യപ്പെട്ട വിശദാംശങ്ങൾ കെ.എസ്..ബി.എൽ 2015 ഏപ്രിൽ മാസം മന്ത്രാലയത്തിന് സമർപ്പിക്കുകയുമുണ്ടായി. പ്രസ്തുത വിശദാംശങ്ങൾ 21/07/2015-ൽ കൂടുന്ന സമിതി പരിഗണിക്കുന്നതാണ്. |
| (സ) പ്രസ്തുത പദ്ധതിക്ക് എതിരായി നിലവിലുള്ള സാഹചര്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (സി) പദ്ധതിക്ക് എതിരായ സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(....2)

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പരിസ്ഥിതികാനുമതിക്കായി കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തെ വീണ്ടും സമീപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് സമീപിച്ചത്; എന്തായി രുന്നു മന്ത്രാലയത്തിന്റെ പുതിയ നിലപാട്; | (ഡി) | ഉണ്ട്. 2015-ഏപ്രിൽ മാസത്തിലാണ് മന്ത്രാല യത്തെ സമീപിച്ചത്. 21/07/2015-ൽ കൂടുന്ന യോഗത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ഇക്കാര്യം പരിഗണി ക്കുന്നതാണ്. ഇതിന് ശേഷം മാത്രമേ മന്ത്രാലയത്തിന്റെ പുതിയ നിലപാട് വ്യക്ത മാവുകയുള്ളൂ. |
| (ഇ) | പദ്ധതിയ്ക്ക് എതിരായി ഹരിത ട്രൈബ്യൂണലിൽ നിലവിൽ കേസ്സുകൾ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ